SKSSF സർഗലയം

## മുഖക്കുറി

കലയും സംസ്കാരവും ജീവിത വ്യവഹാരങ്ങളോട് ആഴത്തിൽ ചേർന്ന് നിൽക്കുന്നു. സാഹിത്യ സമ്പുഷ്ടമായ രചനകളും ആവിഷ്കാരങ്ങളും ആദിമ കാലങ്ങളിൽ തന്നെ പ്രചാരത്തിലുണ്ടായിരുന്നെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശുദ്ധ നഗരിയിലും പുണ്യഗേഹത്തിലും സംഘടിപ്പിക്കപ്പെട്ടിരുന്ന സാഹിത്യ ചർച്ചാ വേദികളും പ്രസിദ്ധമാണ്. കേരളീയ സമൂഹത്തിൽ യൗവ്വന വിദ്യാർഥി പ്രതിഭകളെ സന്മാർഗിക വിളനിലങ്ങളിലേക്ക് കലയുടെയും സാഹിത്യത്തിന്റെയും മാസ്മരിക ലോകത്തിലൂടെ വഴി നടത്തിയ പാരമ്പര്യമാണ് എസ്.കെ.എസ്.എസ്.എഫ്. സർഗലയ സമിതിയുടേത്.

ആയിരക്കണക്കിന് പ്രതിഭകൾക്ക് വേദികളും അവസരങ്ങളും ഒരുക്കിയ ആവേശത്തിലാണ് പുതിയ വർഷം സർഗലയത്തിന് ആരവങ്ങൾ ഉയരുന്നത്. 3 വിഭാഗങ്ങളിൽ 72 ഇനങ്ങളിലാണ് മത്സരങ്ങൾ. 1996 ൽ കണ്ണൂർ പെരുമ്പ, 1998 ൽ കാസർഗോഡ് നീലേശ്വരം, 2000 ത്തിൽ കോഴിക്കോട് മണാശ്ശേരി, 2002 ൽ മലപ്പുറം സുന്നിമഹൽ, 2004 ൽ പാലക്കാട് വല്ലപ്പുഴ, 2006 ൽ കാസർഗോഡ് ബെളിഞ്ച, 2008 ൽ വയനാട് കമ്പളക്കാട്, 2011 ൽ ആലപ്പുഴ, 2013 ൽ എറണാകുളം ഇടപ്പള്ളി, 2015 ൽ കണ്ണൂർ തളിപ്പറമ്പ്, 2018 ഫെബ്രുവരിയിൽ കോഴിക്കോട് കുഞ്ഞിപ്പള്ളി എന്നിവിടങ്ങളിലാണ് ഇതിനകം മത്സരങ്ങൾ നടന്നത്. 2020 ൽ 12 ാമത് സംസ്ഥാന സർഗലയത്തിന് കാസർഗോഡ് ജില്ലയാണ് ആതിഥ്യമരുളുന്നത്.

മത്സരത്തിന്റെ സുഗമമായ നടത്തിപ്പിന് സഹായകമായ മാന്വലാണ് നിങ്ങളുടെ കൈകളിൽ. പരമാവധി കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്. മത്സരാർഥികളും സംഘാടകരും വിധികർത്താക്കളും പൂർണമായും ശ്രദ്ധയോടെ വായിച്ചു മാത്രമേ മത്സരത്തിന് തയാറാകാവൂ. ഓരോ ഇനങ്ങളെ സംബന്ധിച്ചും രേഖപ്പെടുത്തിയ എല്ലാ നിയമങ്ങളും പൂർണമായും മനസിലാക്കി വേണം വേദിയൊരുക്കാൻ.

നീതിയുക്തമായ മത്സരക്കളരിക്ക് ഭാവുകങ്ങളോടെ,

സംസ്ഥാന സർഗലയസമിതി.


ചെയർമാൻ
**അലി യമാനി വയനാട്**
ഫോൺ : 9495 339311

കൺവീനർ
**യു.കെ.എം ബഷീർ മൗലവി**
ഫോൺ : 9846 225363

# SKSSF സർഗലയം 2019-20

എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന തലത്തിൽ രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന സർഗലയം കലാ സാഹിത്യ മത്സരം ഈ വർഷം നവംബർ ഒന്നുമുതൽ ആരംഭിക്കുന്നു.

**ബഹു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആശയാദർശങ്ങളിൽ വിശ്വാസിക്കുന്നവർ മാത്രമേ സർഗലയത്തിൽ പങ്കെടുക്കാവൂ.**

| | |
|---|---|
| ജനറൽ | |
| ഹിദായ | (ദർസ്) |
| കുല്ലിയ്യ | (ശരീഅത്ത് കോളേജുകൾ) |

എന്നിങ്ങനെ 3 വിഭാഗങ്ങളായി തിരിച്ചാണ് മത്സരം നടത്തേണ്ടത്. ജനറൽ, ഹിദായ എന്നീ വിഭാഗങ്ങളുടെ മത്സരം യൂണിറ്റ് മുതലും, കുല്ലിയ്യയുടെ മത്സരങ്ങൾ മേഖല മുതലുമാണ് ആരംഭിക്കുന്നത്.

## മത്സര ഷെഡ്യൂൾ

| | | |
|---|---|---|
| യൂണിറ്റ് | : | നവംബർ 20 നകം |
| ക്ലസ്റ്റർ | : | നവംബർ 30 നകം |
| മേഖല | : | ഡിസംബർ 10 നകം |
| ജില്ല | : | ഡിസംബർ 31 നകം |
| സംസ്ഥാനം | : | ജനുവരി 10, 11, 12 (കാസർഗോഡ്) |

| | | |
|---|---|---|
| **ശാഖ മത്സരം** | : | വാദീ തസ്നീം |
| **ക്ലസ്റ്റർ മത്സരം** | : | വാദീ നസീം |
| **മേഖലാ മത്സരം** | : | വാദീ ഹുദാ |
| **ജില്ലാ മത്സരം** | : | വാദീ ത്വയ്ബ |
| **സംസ്ഥാന മത്സരം** | : | വാദീ മുഖദ്ദസ് |

എന്നീ പേരുകൾ മാത്രമേ നൽകാവൂ.

**സംസ്ഥാന കമ്മിറ്റിയുടെ അംഗീകാരമുള്ള കമ്മിറ്റികൾക്കും ത്വലബ വിംഗുമായി സഹകരിക്കുന്ന ദർസ്, അറബി കോളേജുകൾക്കും മാത്രമേ സർഗലയത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളു.**

### ജനറൽ

ഹിദായ, കുല്ലിയ്യ എന്നീ വിഭാഗങ്ങളിൽ പെടാത്ത എസ്.കെ.എസ്.എസ്.എഫ് പ്രവർത്തകരാണ് ഈ വിഭാഗത്തിൽ പെടുക. മത്സരം യൂണിറ്റു മുതൽ ആരംഭിക്കും. വയസ്സിന്റെ ക്രമമനുസരിച്ച് ഈ വിഭാഗത്തെ നാലായി തിരിച്ചാണ് മത്സരം നടത്തേണ്ടത്.

| | |
|---|---|
| ജനറൽ സബ്ജൂനിയർ | : 12 വയസ്സ് ഉൾപ്പെടെ (1-1-2008 മുതൽ) |
| ജനറൽ ജൂനിയർ | : 13 മുതൽ 17 വയസ്സ് ഉൾപ്പെടെ (1-1-2003 മുതൽ) |
| ജനറൽ സീനിയർ | : 18 മുതൽ 23 വയസ്സ് ഉൾപ്പെടെ (1-1-1997 മുതൽ) |
| ജനറൽ സൂപ്പർ സീനിയർ | : 24 മുതൽ 30 വയസ്സ് ഉൾപ്പെടെ (1-1-1990 മുതൽ) |

**ഹിദായ (ദർസ്)**

തനതുപള്ളി ദർസുകളാണ് ഈ വിഭാഗത്തിൽ പെടുന്നത്. വയസ്സിന്റെ ക്രമമനുസരിച്ച് ഈ വിഭാഗത്തെ രണ്ടായി തിരിച്ചാണ് മത്സരം നടത്തേണ്ടത്.

| | |
|---|---|
| ജൂനിയർ | : 13 മുതൽ 17 വയസ്സ് ഉൾപ്പെടെ (1-1-2003 മുതൽ) |
| സീനിയർ | : 18 മുതൽ 26 വയസ്സ് ഉൾപ്പെടെ (1-1-1994 മുതൽ) |

**കുല്ലിയ (ശരീഅത്ത് കോളേജുകൾ)**

ശരീഅത്ത് കോളേജ്, ഇസ്‌ലാമിക് ആർട്സ് കോളേജ് വിദ്യാർത്ഥികളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. മത്സരങ്ങൾ മേഖലാ തലം മുതൽ ആരംഭിക്കും. സ്ഥാപനങ്ങളിൽ പ്രത്യേകം മത്സരം നടത്തി വിജയികളെ മേഖലാ മത്സരത്തിൽ പങ്കെടുപ്പിക്കണം. വയസ്സിന്റെ ക്രമമനുസരിച്ച് ഈ വിഭാഗത്തെ രണ്ടായി തിരിച്ചിരിക്കുന്നു.

| | |
|---|---|
| ജൂനിയർ | : 13 മുതൽ 17 വയസ്സ് ഉൾപ്പെടെ (1-1-2003 മുതൽ) |
| സീനിയർ | : 18 മുതൽ 26 വയസ്സ് ഉൾപ്പെടെ (1-1-1994 മുതൽ) |

---

## മത്സര ഇനങ്ങൾ

ജനറൽ 34 ഇനങ്ങൾ

### സബ്ജൂനിയർ (12 വയസ്സ്)

6 ഇനങ്ങൾ

1. ഖിറാഅത്ത് (Qiraath)
2. മദ്ഹുന്നബി ഗാനം (Mad-hunnabi)
3. മാപ്പിളപ്പാട്ട് (Mappilappattu)
4. കഥാ കഥനം Story Telling
5. ക്വിസ്സ് Quiz
6. പെൻസിൽ ഡ്രോയിങ് Pencil Drawing

### ജൂനിയർ (13-17 വയസ്സ്)

8 ഇനങ്ങൾ

7. ഖിറാഅത്ത് (Qiraath)
8. അറബിഗാനം Arabic Song
9. മാപ്പിളപ്പാട്ട് (Mappilappattu)
10. മദ്ഹുന്നബി ഗാനം (Mad-hunnabi)
11. മലയാള പ്രസംഗം Malayalam Elocution
12. ക്വിസ്സ് (Quiz)
13. ഇംഗ്ലീഷ് പദപ്പയറ്റ് Vocabulary Contest (English)
14. ചിത്രരചന Water coloring

### സീനിയർ (18 -23 വയസ്സ്)
8 ഇനങ്ങൾ

15. ഖിറാഅത്ത് Quraath
16. അറബി ഗാനം (Arabic Song)
17. അനുസ്മരണ ഗാനം (Commemorative Song)
18. മാപ്പിളപ്പാട്ട് Mappilappattu
19. മലയാള പ്രസംഗം (Malayalam elocution)
20. ക്വിസ്സ് Quiz
21. പോസ്റ്റർ ഡിസൈനിംഗ് Poster Designing
22. മലയാള പ്രബന്ധം Essay writing (Malayalam)

### സൂപ്പർ സീനിയർ (24-30 വയസ്സ്) 8 ഇനങ്ങൾ

23. അറബിഗാനം Arabic Song
24. മാപ്പിളപ്പാട്ട് Mappilappattu
25. സംഘടനാഗാനം (Organizational Song)
26. അനൗൺസ്മെന്റ് (Announcement)
27. മലയാള പ്രസംഗം Malayalam Elocution
28. ക്വിസ്സ് (Quiz)
29. കൊളാഷ് (Collage)
30. വാർത്താകുറിപ്പ് തയ്യാറാക്കൽ (Newsletter Preparation)

### ഗ്രൂപ്പ്
4 ഇനങ്ങൾ

31. സംഘഗാനം (മലയാളം) Group song (Malayalam)
32. സംഘഗാനം (മാപ്പിളപ്പാട്ട്) Group song (Mappilappatt)
33. ദഫ് മുട്ട് Duff muttu
34. ദഫ് കളി Duff Kali

---

## മത്സര ഇനങ്ങൾ
ഹിദായ (ദർസ്) 15 ഇനങ്ങൾ

### ജൂനിയർ (13-17 വയസ്സ്)
6 ഇനങ്ങൾ

35. ഖിറാഅത്ത് Qiraath
36. ഹിഫ്ള് Hifz
37. അറബിഗാനം Arabic song
38. ഭക്തിഗാനം (Devotional Song)
39. മലയാള പ്രസംഗം Malayalam elocution
40. ക്വിസ്സ് Quiz

### സീനിയർ (18 -23 വയസ്സ്)
8 ഇനങ്ങൾ

41. ഖിറാഅത്ത് Qiraath
42. ഹിഫ്ള് Hifz
43. ബാങ്ക് Azan
44. മാപ്പിളപ്പാട്ട് Mappilappatt
45. മലയാള പ്രസംഗം Malayalam elocution
46. അറബി പ്രസംഗം Arabic eleocution
47. മുശാഅറ
48. തലവാചക നിർമ്മാണം. (Caption Construction)

### ഗ്രൂപ്പ്
1 ഇനം

49. സംഘഗാനം (അറബി) Group song (Arabic)

## മത്സര ഇനങ്ങൾ

കുല്ലിയ്യ (ശരീഅത്ത് കോളേജുകൾ) 23 ഇനങ്ങൾ

### ജൂനിയർ (13-17 വയസ്സ്)

9 ഇനങ്ങൾ

50. ഖിറാഅത്ത് Qiraath
51. ഹിഫ്ള് Hifz
52. അറബിഗാനം Arabic Song
53. ഉറുദു ഗാനം Urdu song
54. മലയാള പ്രസംഗം Malayalam elocution
55. അറബി പ്രസംഗം Arabic elocution
56. പദ്യ പാരായണം (മലയാളം)
57. സത്യധാര ക്വിസ്സ് Sathyadhara Quiz
58. മലയാള പ്രബന്ധം Essay writing (malayalam)

### ഗ്രൂപ്പ്

3. ഇനങ്ങൾ

70. സംഘഗാനം (മാപ്പിളപ്പാട്ട്) Group song (Mappilappatt)
71. ബുർദ്ദാ ആലാപനം Burda recitation
72. പത്ര നിർമ്മാണം News paper preparation

### സീനിയർ (18 -23 വയസ്സ്)

11 ഇനങ്ങൾ

59. ഖിറാഅത്ത് Qiraath
60. ഹിഫ്ള് Hifz
61. അറബി ഗാനം (Arabic Song)
62. മാപ്പിളപ്പാട്ട് (Mappilappatt)
63. പദ്യ പാരായണം (അറബി)
64. മലയാള പ്രസംഗം Malayalam Elocution
65. അറബി പ്രസംഗം Arabic Elocution
66. ഇംഗ്ലീഷ് പ്രസംഗം English Elocution
67. സത്യധാര ക്വിസ്സ് Sathyadhara Quiz
68. കവിതാ രചന (അറബി) Versification (Arabic)
69. കാലിഗ്രാഫി അറബി (Calligraphy)

## മത്സര ഇനങ്ങൾ

(വിശദമായ ചാർട്ട്)

താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽ വിവരിച്ചതനുസരിച്ച് ഓരോ ഇനങ്ങളുടെ രീതിയും സമയ പരിധിയും മൂല്യ നിർണയ പോയിന്റുകളും മനസ്സിലാക്കുക. മത്സര ഇനങ്ങൾ എവിടെ രേഖപ്പെടുത്തുമ്പോഴും ഇനം കോഡ് നമ്പറുകൾ കണിശമായും ചേർക്കേണ്ടതാണ്.

| ഇനം കോഡ് | ഇനങ്ങൾ | വിവരണം | മൂല്യനിർണയ ഉപാധി | സമയം |
|---|---|---|---|---|
| 1, 7, 15 35, 41 50, 59 | ഖിറാഅത്ത് | സബ്ജൂനിയറിനു സൂറത്തു നബഅ് മുതൽ താഴോട്ടും മറ്റു വിഭാഗങ്ങൾക്ക് ഖുർആൻ മുഴുവനും. എന്നാൽ മത്സരം ആരംഭിക്കുന്നതിനു 5 മിനുട്ട് മുമ്പ് ഓതാനുള്ള സൂറത്ത് നിശ്ചയിച്ചു കൊടുക്കേണ്ടതാണ്. | ഉച്ചാരണ ശുദ്ധി, പാരായണനിയമങ്ങൾ, തജ്‌വീദ്, ശൈലി, തുടക്കം വിരാമം | 3 മിനുട്ട് |

| ഇനം കോഡ് | ഇനങ്ങൾ | വിവരണം | മൂല്യനിർണയ ഉപാധി | സമയം |
|---|---|---|---|---|
| 36, 42, 51, 60 | ഹിഫ്ള് | ജൂനിയർ: സൂറത്തുയാസീൻ, മുൽക്ക്, വാഖിഅ, ജുമുഅ:, മുനാഫിഖൂൻ നബഅ് മുതൽ ളുഹാ വരെ. സീനിയർ: സൂറത്തുൽ റഹ്മാൻ, സജദ, മുസമ്മിൽ, മുദ്ദസിർ, ഖിയാമ, ഇൻസാൻ, മുർസലാത്ത് | മനഃപാഠം, ഉച്ചാരണ ശുദ്ധി, പാരായണ നിയമങ്ങൾ, ശൈലി, തുടക്കം, വിരാമം. | 3 മിനുട്ട് |
| 43 | ബാങ്ക് | സുബ്ഹ് ബാങ്ക് മാത്രമേ പരിഗണിക്കുകയുള്ളൂ. ബാങ്കിന്റെ മുഴുവൻ നിയമങ്ങളും പാലിച്ച് അക്ഷര ശുദ്ധിയോടെ അവതരിപ്പിക്കുക. | ഉച്ചാരണ ശുദ്ധി, തജ്‌വീദ് നിയമങ്ങൾ, ആദാബുകൾ, ശൈലി. | |
| 2, 10 | മദ്ഹുന്നബി | നബി (സ) യെ സംബന്ധിച്ചുള്ള പ്രകീർത്തനങ്ങളടങ്ങിയ, മലയാള ഭാഷക്ക് പ്രാമുഖ്യമുള്ള ഗാനങ്ങളാണ് അവതരിപ്പിക്കേണ്ടത്, നിലവിലുള്ളതോ പുതിയ ഈണം നൽകിയതോ ആവാം. മാപ്പിളപ്പാട്ടിന്റെ ഇശലുകളല്ല ഇതിൽ ഉദ്ദേശിക്കുന്നത്. | അവതരണം, രാഗം, ശ്രുതി, താളം, ഭാവം, ലയം | 4 മിനുട്ട് |
| 8, 16 23, 37, 52, 61 | അറബി ഗാനം | അറബി ഭാഷയിലുള്ള ഗാനങ്ങൾ അവതരിപ്പിക്കുക. അറേബ്യൻ ഗാനശൈലിക്കു മുൻഗണന. | ഭാഷാശുദ്ധി, അവതരണ ശൈലി, ശ്രുതി, താളം, ഭാവം, ലയം. | 4 മിനുട്ട്. |
| 3, 9, 18, 24 44, 62 | മാപ്പിളപ്പാട്ട് | ലക്ഷണമൊത്ത തനത് ഇശലുകളിലുള്ള മാപ്പിളപ്പാട്ടുകൾ അവതരിപ്പിക്കണം. കമ്പി, കഴുത്ത്, വാൽക്കമ്പി, വാലുമ്മൽ കമ്പി തുടങ്ങിയ പ്രാസനിയമങ്ങൾ പാലിച്ച് അറബി മലയാള സാഹിത്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള രചനകളായിരിക്കണം, പാട്ടിന്റെ ആശയം നമ്മുടെ സംസ്കാരത്തെ അവഹേളിക്കുന്നതോ ആദർശവിരുദ്ധമോ ആവരുത്, ചരിത്രം, ഭക്തി, പ്രകീർത്തണം തുടങ്ങി ഏതു വിഷയത്തെ പ്രതിപാദിക്കുന്നതുമാകാം. പഴയ കാല രചനകൾ മാത്രമെ ആകാവൂ എന്ന് നിർബന്ധമില്ല. മേൽ ത്തരം ലക്ഷണമൊത്ത പുതിയ രചനകൾ പ്രോൽസാഹജനകമാണ്. ശുദ്ധമായ മലയാളത്തിലുള്ള വരികൾ പരിഗണിക്കുന്നതല്ല. | സാഹിത്യം, മാപ്പിളത്തനിമ, അവതരണഭംഗി, ശ്രുതി, ലയം, താളം, ഭാവം. | 5 മിനുട്ട്. |

| ഇനം കോഡ് | ഇനങ്ങൾ | വിവരണം | മൂല്യനിർണയ ഉപാധി | സമയം |
|---|---|---|---|---|
| 32, 70 | സംഘഗാനം (മാപ്പിളപ്പാട്ട്) | പൂർവ്വസൂരികളായ മാപ്പിള കവി മഹാൻമാരുടെ ഇസ്ലാമിക ചരിത്ര കാവ്യ കൃതികളിൽ നിന്ന് എടുത്ത തനതായ മാപ്പിളപ്പാട്ടുകളാണ് അവതരിപ്പിക്കേണ്ടത്. അഞ്ച് പേർ ഉണ്ടായിരിക്കണം അഞ്ചിൽ കൂടാനോ കുറയാനോ പാടില്ല (മോയിൻകുട്ടി വൈദ്യരുടെ ബദ്ർ, ഉഹ്ദ്, മലപ്പുറം, ഹിജ്റ, സലീഖത്ത്, ഉണ്ണി മമ്മദ് വൈദ്യരുടെ ഹിജ്റ, മുണ്ടമ്പ്ര ഉണ്ണി മമ്മദ് സാഹിബിന്റെ കർബല, വടക്കനിയേടത്ത് അഹ്മദ് കുട്ടി മൊല്ലയുടെ ഖൈബർ, മാളിയേക്കലകത്തിന്റെ ഹുനൈൻ, മച്ചിങ്ങലകത്ത് മൊയ്തീൻ കുട്ടി മൊല്ലയുടെ മക്കം ഫത്ഹ്, ചേറ്റുവായിയുടെ ഫുതുഹു ശാം, എ ഐ മുത്തുകോയ തങ്ങളുടെ താജുൽ അഖ്ബാർ യുസുഫ് ഖിസ്സ, ശുജാഇ മൊയ്തു മുസ്ലിയാരുടെ സഫലമാല, കാസിയാരകത്ത് കുഞ്ഞാമു സാഹിബിന്റെ ബഹ്നസ് പടപ്പാട്ട്, എന്നിവയിൽ നിന്നുള്ള ഒരു ഇശലാണ് ആലപിക്കേണ്ടത്) കൃതി, കവിയുടെ പേര്, ഇശൽ എന്നിവ വ്യക്തമാക്കണം. | അവതരണം, രാഗം, ശ്രുതി, താളം, ലയം, സ്വര ഐക്യം ലീഡിംഗ്. | 5 മിനുട്ട് |
| 71 | ബുർദ്ദാ ആലാപനം | ഖസ്വീദത്തുൽ ബുർദയിലെ വരികൾ ആഭാസകരമല്ലാത്ത ഈണത്തിൽ അവതരിപ്പിക്കുക. ബുർദയുടെ പ്രാരാംഭത്തിലെ എതാനും വരികളും അവസാനത്തിലെ ദുആ, സ്വലാത്ത് അടങ്ങുന്ന വരികളും ഉൾപ്പെടുത്തണം. ഇടയിൽ, അർത്ഥ പൂർണ്ണതയ്ക്കും തർതീബിനും ഭംഗം വരാത്ത വിധം സെലക്ട് ചെയ്ത് പാടാവുന്നതാണ്. ഒരു മിനുട്ടിൽ കവിയാത്ത ആമുഖം ആവാം. അതിന് ഭാഷ പ്രശ്നമല്ല. ലീഡർ ഉൾപെടെ ഏഴ് പേർ ഉണ്ടായിരിക്കണം. (കൂടാനോ കുറയാനോ പാടില്ല) ജവാബ് 'മൗലായ' മാത്രമേ ആകാവൂ. ശബ്ദ പാശ്ചാതലത്തിൽ ചെലമ്പ്, ഇല്ലാത്ത ദഫോ അറബനയോ ഉപയോഗിക്കാം | ഭാഷാശുദ്ധി, അവതരണശൈലി, ശ്രുതി, താളം, ഭാവം, ലയം, സ്വര ഐക്യം, ഗായകർ തമ്മിലുള്ള യോജിപ്പ് | 10 മിനുട്ട് |

| ഇനം കോഡ് | ഇനങ്ങൾ | വിവരണം | മൂല്യനിർണയ ഉപാധി | സമയം |
|---|---|---|---|---|
| 31, 49 | സംഘ ഗാനം (അറബി, മലയാളം) | ധാർമ്മികതയുള്ള ഗാനം മൂന്ന് പേരടങ്ങുന്ന സംഘത്തെ തയ്യാറാക്കി മത്സരിപ്പിക്കുക. ലീഡറും കോറസും ഉണ്ടായിരിക്കണം. | അവതരണ ശൈലി, ശ്രുതി, താളം, ലയം, സ്വര ഐക്യം, ലീഡിംഗ് | 5 മിനുട്ട് |
| 33 | ദഫ്മുട്ട് | നിന്നും ഇരുന്നും ചാഞ്ഞും ചെരിഞ്ഞുമുള്ള വിവിധ മുട്ടുകൾ. (ഒറ്റമുട്ട്, മൂന്ന് മുട്ട്, അഞ്ച് മുട്ട്, കോരിമുട്ട്) ശാന്തമായും ഭക്തിനിർഭരമായും അവതരിപ്പിക്കണം. അറബിബൈത്തുകൾ മാത്രമേ പാടാവൂ. പിന്നണി പാടില്ല. അംഗങ്ങൾ തന്നെപാടി അവതരിപ്പിക്കണം. ആകെ പത്ത് പേർ മരത്തിൽ ചട്ടയിൽ തോൽ കൊണ്ട് പൊതിഞ്ഞ് ചരട് വലിച്ചു മുറുക്കി ശ്രുതിവരുത്താൻ കഴിയുന്ന ഉപകരണം മാത്രമേ ഉപയോഗിക്കാവൂ. റിബ്ബൺ, ബാഡ്ജ്, ക്യാപ്പ് തുടങ്ങിയവ ഉപയോഗിക്കരുത്. വെള്ളത്തുണി, തലപ്പാവ്, ജുബ്ബ എന്നിവയാണ് വേഷം. | വിവിധതരം മുട്ടുകൾ, ഭക്തി, ശാന്തത, ബൈത്തുകളുടെ അവതരണം, ഐക്യരൂപം,താളബോധം. | 10 മിനുട്ട് |
| 34 | ദഫ്കളി | വട്ടമിട്ടും വരികളായും നിന്നും ഇരുന്നും കോൽക്കളിയിൽ കാണുന്ന പോലെ ചുറ്റിത്തിരിഞ്ഞും ചാഞ്ഞും ചെരിഞ്ഞും ഏക രൂപത്തിൽ ഊർജ്ജസ്വലതയോടെ അവതരിപ്പിക്കുന്ന മത്സരമാണ് ദഫ്കളി. മലയാളത്തിന് പ്രാമുഖ്യമുള്ള ഗാനങ്ങളാണ് അവതരിപ്പിക്കേണ്ടത്. പിന്നണി ഗായകർക്ക് പുറമേ 12 അംഗങ്ങളിൽ കൂടാനും കുറയാനും പാടില്ല. പിന്നണി ഗായകർ മൂന്ന് പേരുണ്ടായിരിക്കണം. (12+3) ഫൈബർ കൊണ്ടുള്ള ദഫ് ഉപകരണമാകാം. പൊക്കിൾ മറയുന്ന ഞെരിയാണിക്ക് മുകളിലുള്ള വസ്ത്രമാണ് ധരിക്കേണ്ടത്. ഉപയോഗിക്കുന്ന വസ്ത്രത്തിൽ സ്ഥലനാമം ഉണ്ടാകരുത്. (ഗാനത്തിന്റെ താളത്തിനും ലയത്തിനും എതിരാകുന്ന രൂപത്തിൽ ഗാനാലാപനം പരിഗണിക്കുന്നതല്ല). | **പാട്ട്**<br>സാഹിത്യം, രചനാഗുണം, ശ്രുതി, ലയം, താളം,<br><br>**കളി**<br>ഐക്യരൂപം, ഊർജ്ജസ്വലത, താളബോധം, വിവിധതരം സ്റ്റെപ്പുകൾ, പാട്ടിന്റെ ആശയത്തിനൊത്ത ചലനവും വേഗതയും ഏകീകരണം, പാട്ട്, കളി, ചേർച്ച | 10 മിനുട്ട് |

| ഇനം കോഡ് | ഇനങ്ങൾ | വിവരണം | മൂല്യനിർണയ ഉപാധി | സമയം |
|---|---|---|---|---|
| 11, 19, 27,66 45, 46, 39, 54, 55, 64, 65, | പ്രസംഗം | ജൂനിയറിന്<br>1, സമയത്തിന്റെ മൂല്യം നമ്മുടെ കരുതൽ 2, നവോത്ഥാനം, സമസ്തയുടെ പങ്ക് എന്നീ വിഷയങ്ങളിൽ നിന്നും.<br>സീനിയറിന്<br>1, അഹ്‌ലുസുന്ന ആഗോള പ്രസ്ഥാനം 2, ബഹുസ്വരതയിലെ മുസ്‌ലിം 3, നിലപാടുകളുടെ കരുത്ത് വ്യതിയാനങ്ങളുടെ തിരുത്ത് 4, സാമ്പത്തിക മാന്ദ്യം ഇസ്‌ലാമിക പരിഹാരം. എന്നീ വിഷയങ്ങളിൽ നിന്നും നറുക്കെടുത്താണ് പ്രസംഗിക്കേണ്ടത്. ജനറൽ വിഭാഗത്തിലെ ജൂനിയർ, സീനിയർ വിഭാഗത്തിനാണ് ഈ വിഷയങ്ങൾ പരിഗണിക്കുന്നത്. മറ്റു വിഭാഗങ്ങൾക്ക് മത്സരത്തിന്റെ 10 മിനുട്ട് മുമ്പാണ് വിഷയം നൽകുക. | ഭാഷാശുദ്ധി, ആശയ പ്രകടനം, വ്യക്തത, ഭാവം, ധാരാവാഹിത്യം, ശബ്ദ നിയന്ത്രണം ഉള്ളടക്കം, ഒഴുക്ക്, വശ്യത | 5 മിനുട്ട്. |
| 26 | അനൗൺസ്‌മെന്റ് | നൽകുന്ന വിഷയത്തെ സംബന്ധിച്ച് വരികൾ രചിച്ച് അവതരിപ്പിക്കണം. മൂന്ന് മിനുട്ട് ഇടവിട്ട് യഥാക്രമം വിഷയം നൽകണം. | ഭാഷ, ശൈലി, ഗാംഭീര്യം, ആകർഷണീയത, പ്രാസഭംഗി. | 3 മിനുട്ട് |
| 13 | പദപ്പയറ്റ് (ഇംഗ്ലീഷ്) | ജൂറി ആദ്യം ഒരു പദം പറയുക. അതിന്റെ അവസാനക്ഷരം വെച്ചാണ് മത്സരം തുടങ്ങേണ്ടത്. എന്നാൽ നാമ പദങ്ങൾ, ക്രിയാപദങ്ങൾ എന്നിവ വേർതിരിക്കേണ്ടതില്ല. മൊഴിയപ്പെടുന്ന അക്ഷരത്തിനു പകരം അവസാനത്തെ അക്ഷരമാണ് പരിഗണിക്കേണ്ടത്. ഉദാഹരണത്തിന് Game എന്ന വാക്കിൽ e കൊണ്ട് തന്നെ ആരംഭിക്കണം. | പദസമ്പത്ത്, അർത്ഥബോധം, വ്യക്തത, വേഗത | നിശ്ചിത സമയമില്ലെങ്കിലും 30 മിനുട്ടിൽ കവിയരുത് |
| 6 | പെൻസിൽ ഡ്രോയിംഗ് | നൽകപ്പെടുന്ന ആശയത്തെ ആകർഷകമായ രീതിയിൽ പെൻസിൽ ഉപയോഗിച്ച് വരക്കുക. | ഭാവന, വ്യക്തത, വേഗത, വിഷയബന്ധം, ഷൈഡിംഗിലെ യോജിപ്പ് | 30 മിനുട്ട് |
| 14 | ചിത്രരചന | തന്നിരിക്കുന്ന ആശയത്തിൽ വാട്ടർ കളർ, ബ്രഷ് പെൻസിൽ എന്നിവ ഉപയോഗിച്ച് ആകർഷകമായി പെയിന്റ് ചെയ്യുക. സ്കെച്ച് പേന ഉപയോഗിക്കാൻ പാടില്ല | വിഷയബന്ധം, അനുപാതം, കൃത്യത നിറങ്ങളുടെ യോജിപ്പ്, സമഗ്രത, ഭാവന | 45 മിനിട്ട് |

| ഇനം കോഡ് | ഇനങ്ങൾ | വിവരണം | മൂല്യനിർണയ ഉപാധി | സമയം |
|---|---|---|---|---|
| 5, 12, 20, 28, 40, | ക്വിസ്സ് | ചോദ്യങ്ങൾ 20ൽ കുറയരുത്. അഡീഷണൽ ചോദ്യങ്ങൾ കരുതണം. 40%ഇസ്ലാമികവും, 30% പൊതുവിജ്ഞാനവും 30% സംഘടനാപരവുമായിരിക്കണം. ആനുകാലികം, കർമ്മശാസ്ത്രം, വിശ്വാസപരം, ചരിത്രം, ഭാഷാപരം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ ഇസ്ലാമിക ചോദ്യങ്ങളിൽ പാലിക്കാൻ ശ്രദ്ധിക്കുക. സ്കോർ ബോർഡിൽ രേഖപ്പെടുത്തേണ്ടതാണ്. | | നിശ്ചിത സമയമില്ലെങ്കിലും 30 മിനുട്ടിൽ കവിയരുത്. |
| 57, 67 | സത്യധാര ക്വിസ്സ് | 2019 ജനുവരി മുതൽ നവംബർ ഉൾപ്പെടെ 11 മാസത്തെ സത്യധാര അടിസ്ഥാനമാക്കിയാണ് ഈ ക്വിസ് മത്സരം. (സത്യധാരയിൽ നിന്ന് മാത്രമേ പരിഗണിക്കാവൂ) | | |
| 47 | മുശാഅറ | ജൂറി ആദ്യം ഒരുവരി അറബി പദ്യം പൂർണ്ണമായും ചൊല്ലുന്നു. അതിന്റെ അവസാനത്തെ അക്ഷരം ഉപയോഗിച്ച് ആദ്യത്തെ ആൾ മറ്റൊരു പദ്യം ചൊല്ലുന്നു. അവസാനത്തിൽ ഉച്ചാരണത്തിൽ വരാത്ത അക്ഷരമാണെങ്കിൽ തൊട്ടുമുമ്പുള്ള അക്ഷരം കൊണ്ടാണ് അടുത്തയാൾ തുടങ്ങേണ്ടത്. അറബി പദ്യം അറബി വ്യാകരണ നിയമമനുസരിച്ചും നേരത്തെ രചിക്കപ്പെട്ടതും ചോദിച്ചാൽ ഉറവിടം പറയാൻ കഴിയുന്നതുമായിരിക്കണം. | അവതരണം, ആകർഷണീയത, ഉച്ചാരണ ശുദ്ധി, വേഗത | അരമണിക്കൂറിൽ കവിയരുത്. |
| 29 | കൊളാഷ് | ശേഖരിച്ചു കൊണ്ടുവന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി വേദിയിൽ നൽകുന്ന വിഷയത്തിൽ അടിക്കുറിപ്പോടെ ഒരു കൊളാഷ് നിർമ്മിക്കുക. പരിസ്ഥിതി, ലഹരി, ദുരന്തങ്ങൾ, അധിനിവേശം എന്നിവയിൽ ഒരു ആശയത്തെ അടിസ്ഥാനപ്പെടുത്തിയാണ് വിഷയം നൽകുക. | കലാചാതുരി, ഭാവന, വേഗത, വിഭവങ്ങളുടെ ഉപയോഗം, ആശയം. | 30 മിനുട്ട് |
| 69 | കാലിഗ്രാഫി | ജൂറി നിർദ്ദേശിക്കുന്ന അറബി വാചകങ്ങൾ കാലിഗ്രാഫിയിൽ രൂപകൽപന ചെയ്യുക. | വശ്യത, മനോഹാരിത, ഘടന, വേഗത, ചിത്രകലാ വൈഭവം. | 45 മിനുട്ട് |

| ഇനം കോഡ് | ഇനങ്ങൾ | വിവരണം | മൂല്യനിർണയ ഉപാധി | സമയം |
|---|---|---|---|---|
| 21 | പോസ്റ്റർ ഡിസൈനിംഗ് | നൽകപ്പെടുന്ന ആശയം ആകർഷകമായ കാലിഗ്രാഫിയിൽ രൂപകൽപ്പന ചെയ്യുക. | ഭംഗി, ഭാവന, വ്യക്തത, വേഗത, അനുപാതം | 45 മിനുട്ട് |
| 22, 58 | പ്രബന്ധ രചന | നൽകപ്പെട്ട വിഷയത്തിൽ ഒരു പ്രബന്ധം തയ്യാറാക്കുക. | വിഷയബന്ധം, സമഗ്രത, ഭാഷ, ലാളിത്യം, അവതരണ രീതി, ഒതുക്കം. | 30 മിനുട്ട് (വിഷയം നൽകൽ ഉൾപ്പെടെ) |
| 68 | കവിതാ രചന | നൽകപ്പെടുന്ന വിഷയത്തിൽ ഒരു കവിത തയ്യാറാക്കുക. | വിഷയബന്ധം, ധ്വനി, ഭാഷ, ബിംബങ്ങൾ, ആശയ സ്ഫുരണം, ഭാവന, അർത്ഥസമ്പൂർണ്ണത. | |
| 30 | വാർത്താ കുറിപ്പ് | വേദിയിൽ വെച്ച് നൽകപ്പെടുന്ന വിഷയത്തിൽ പത്രക്കുറിപ്പ തയ്യാറാക്കുക. | ഹെഡ്ഡിംഗ്, ആശയഘടന, വിഷയബന്ധം, വാചകവിന്യാസം | 10 മിനുട്ട് |
| 48 | തലവാചക നിർമ്മാണം | തന്നിട്ടുള്ള മാറ്റർ വായിച്ച് അനുയോജ്യവും ആകർഷണീയവുമായ തലക്കെട്ട് നിർമ്മിക്കുക. | ആകർഷണീയത, വിഷയബന്ധം, ഭാഷ | 15 മിനുട്ട് |
| 72 | പത്ര നിർമ്മാണം | മൂന്ന് പേർ ചേർന്ന് മത്സരവേദിയിൽ വെച്ച് നൽകപ്പെടുന്ന വിഷയങ്ങൾക്ക് ആവശ്യമായപ്രാധാന്യം നൽകി ഒരു ദിനപത്രം തയ്യാറാക്കുക. പേന, പെൻസിൽ, സ്കെച്ച് പേന, വാട്ടർ കളർ എന്നിവ ഉപയോഗിക്കാം. ഡമ്മി ഹാഫ് സൈസ് കടലാസാണ് നൽകപ്പെടുക. | ലേഔട്ട്, വൈവിധ്യം, ഘടന, കാലികത, വിഷയബന്ധം. | 1 മണിക്കൂർ |
| 56 | പദ്യപാരായണം (മലയാളം) | മലയാള സാഹിത്യത്തിലെ കവികളുടെ രചനകളാണ് പാരായണം ചെയ്യേണ്ടത്. ഇസ്‌ലാമിക വിരുദ്ധ ആശയമുള്ള കവിതകൾ ആലപിക്കാൻ പാടില്ല. പഴയതും പുതിയതുമായ ഏത് രചനകളും ആവാം. | മനപ്പാഠം, അക്ഷരസ്ഫുടത, മിതമായ, ഭാവ, ശബ്ദ പ്രകടനം, അർത്ഥം, ആശയം | 4 മിനുട്ട് |
| 63 | പദ്യപാരായണം (അറബി) | വൃത്തനിബിഢമായ അറബി സാഹിത്യത്തിലെ കാവ്യരചനകളാണ് ആലപിക്കേണ്ടത്. പഴയതും പുതിയതുമായ ഏത് രചനകളും ആവാം. കവിതയും കവിയെയും പരിചയപ്പെടുത്തണം. | മനപ്പാഠം, അക്ഷരസ്ഫുടത, മിതമായ, ഭാവ, ശബ്ദ പ്രകടനം, അർത്ഥം, ആശയം | 4 മിനുട്ട് |

| ഇനം കോഡ് | ഇനങ്ങൾ | വിവരണം | മൂല്യനിർണയ ഉപാധി | സമയം |
|---|---|---|---|---|
| 17 | അനുസ്മരണ ഗാനം | ബഹുമാനപ്പെട്ട സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സ്ഥാപിത കാലം തൊട്ട് സംഘടനക്ക് വേണ്ടി പ്രവർത്തിച്ച, പ്രയത്നിച്ച സൂഫി വര്യൻമാർ, സാദാത്തുക്കൾ ഉലമാക്കാൾ, ഉമറാക്കൾ തുടങ്ങിയവരെ മാത്രം അനുസ്മരിക്കുന്നതും രചനാഗുണമുള്ളതുമായ ഗാനങ്ങൾ അവതരിപ്പിക്കുക. | അവതരണം, രാഗം, ശ്രുതി, ഭാവം, ലയം, താളം | 4 മിനുട്ട് |
| 25 | സംഘടനാ ഗാനം | ബഹു. സമസ്തയുടെയും പോഷക സംഘടനകളുടെയും സംസ്ഥാപനം, പ്രവർത്തനം, വളർച്ച എന്നിവയിൽ അധിഷ്ഠിതമായ ഗാനം (സമസ്ത നേതാക്കളെ അനുസ്മരിച്ചുള്ളതല്ല) | അവതരണം, രാഗം, ശ്രുതി, താളം, ലയം. | 4 മിനുട്ട് |
| 38 | ഭക്തിഗാനം | പ്രാർത്ഥന, അല്ലാഹു, തുടങ്ങി ഭക്തിസാന്ദ്രമായ ഏതു വിഷയവുമാവാം. മദ്ഹുന്നബിയിൽ പറഞ്ഞ ഈണമാണ് ഇതിലെ ഈണം. | അവതരണം, രാഗം, ശ്രുതി, താളം, ഭാവം, ലയം | 4 മിനുട്ട് |
| 4 | കഥാകഥനം | ധാർമ്മിക മൂല്യങ്ങൾക്ക് എതിരാകാത്ത ഒരു കഥ ആവശ്യമായ ഭാവത്തോടെ സദസ്സിനുമുന്നിൽ പറയുക; പ്രത്യേക വിഷയമില്ല. | ആശയാവിഷ്കാരം, ശബ്ദക്രമീകരണം, ഒതുക്കം, മനഃപ്പാഠം, ഭാവപ്രകടനം | 5 മിനുട്ട്. |
| 53 | ഉറുദു ഗാനം | ഉറുദുഭാഷയിലുള്ള ഗാനങ്ങൾ അവതരിപ്പിക്കുക. ഖവാലിയല്ല ഉദ്ദേശ്യം. | ഭാഷാശുദ്ധി, അവതരണ ശൈലി, ശ്രുതി, താളം, ഭാവം, ലയം, ഗസൽ | 4 മിനുട്ട്. |

**ജനറൽ, ഹിദായ, കുല്ലിയ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം ട്രോഫി നൽകുന്നതിനാൽ ഓവറോൾ നൽകുന്നതിന് വേണ്ടി പോയന്റുകൾ പരസ്പരം കൂട്ടാൻ പാടുള്ളതല്ല.**

## നിയമങ്ങളും നിർദ്ദേശങ്ങളും

1. ഒരാൾ പരമാവധി നാല് ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാവൂ. ഗ്രൂപ്പ് ഇതിൽ പെടുന്നില്ല. ഒരു ഇനത്തിൽ ഒരു സ്ഥാപനത്തിൽ നിന്ന് / യൂണിറ്റിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാവൂ.
2. ഒരു സ്ഥാപനത്തിലോ, ശാഖയിലോ, ക്ലസ്റ്ററിലോ, മേഖലയിലോ, ജില്ലയിലോ, പങ്കെടുത്തയാൾ മറ്റൊരു സ്ഥലത്ത് നിന്നും മത്സരിക്കരുത്. ഏത് തലത്തിലുള്ള മത്സര എൻട്രിയിലും യൂണിറ്റ് / സ്ഥാപനം, ജനന തിയ്യതി എന്നി

വ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. ഓരോ വിഭാഗത്തിലും ഉൾപെടുന്നവർ ആ വിഭാഗത്തിൽ മാത്രമേ മത്സരിക്കാവൂ. ഉദ: ദർസ്, അറബിക് കോളേജ് എന്നിവയിൽ പഠിക്കുന്നവർ ജനറൽ വിഭാഗത്തിൽ മത്സരിക്കാൻ പാടില്ല.

3. മത്സരാർത്ഥികളുടെ വയസ്സിൽ സംശയമുണ്ടാകുന്ന പക്ഷം സർക്കാർ തലത്തിൽ അംഗീകരിച്ച വയസ്സ് തെളിയിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. 2020 ജനുവരി 1 അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്.

4. ഗ്രൂപ്പ് ഇനങ്ങളിൽ അതാത് വിഭാഗത്തിലുള്ളവർക്ക് ജൂനിയർ സീനിയർ വ്യത്യാസമില്ലാതെ പങ്കെടുക്കാം.

5. മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്കാണ് അടുത്ത മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

6. ഏതെങ്കിലും ഇനത്തിൽ ഒരാൾ / ഒരു ഗ്രൂപ്പ് മാത്രമേ എൻട്രി നൽകിയതുള്ളു എങ്കിൽ ആ മത്സരാർത്ഥിയുടെ / ഗ്രൂപ്പിന്റെ പ്രകടനം വിലയിരുത്തി അടുത്ത തലത്തിലെ മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടതും ഗ്രേഡിന്റെ പോയിന്റ് നൽകേണ്ടതുമാണ്. എന്നാൽ ഒന്നിലധികം മത്സരാർത്ഥികൾ/ഗ്രൂപ്പുകൾ എൻട്രി നൽകുകയും മത്സരത്തിൽ നിന്ന് ഒരു ടീമല്ലാത്ത മുഴുവൻ ടീമുകളും പിന്മാറുകയും ചെയ്താൽ ബാക്കി വരുന്ന ഒരു മത്സരാർത്ഥി/ ഗ്രൂപ്പിന്റെ പ്രകടനം വിലയിരുത്തി സ്ഥാനത്തിന്റെയും ഗ്രേഡിന്റെയും പോയിന്റ് നൽകേണ്ടതാണ്.

7. മത്സരത്തിൽ ഒരു ഫസ്റ്റ് മാത്രമേ തെരഞ്ഞെടുക്കാവൂ. ഏതെങ്കിലും ഇനത്തിൽ ഒന്നിലധികം ഫസ്റ്റ് വന്നാൽ നറുക്കെടുത്ത് ഒരു ഫസ്റ്റിനെ മാത്രം മേൽഘടകത്തിലേക്കയക്കേണ്ടതും എൻട്രി ഫോമിന്റെ റീ മാർക്ക് കോളത്തിൽ ഇത് രേഖപ്പെടുത്തേണ്ടതുമാണ്.

8. 80%ത്തിനു മുകളിൽ മാർക്ക് നേടുന്നവർ എ ഗ്രേഡും, 60 - 79 % വരെ ബി ഗ്രേഡും, 50 -59% വരെ സി ഗ്രേഡും ആയി കണക്കാക്കുന്നതാണ്. വ്യക്തിഗത ഇനങ്ങളിൽ I, II, III സ്ഥാനക്കാർക്ക് 5, 3, 1 ഉം എ, ബി, സി ഗ്രേഡുകൾക്ക് 5, 3, 1 ഉം മാർക്കുകളും നൽകും. ഗ്രൂപ്പിനങ്ങളിൽ എ, ബി, സി ഗ്രേഡുകൾക്ക് 10, 8, 6 ഉം I, II, III സ്ഥാനക്കാർക്ക് 5, 3, 1 എന്ന ക്രമത്തിലും പോയിന്റ് ലഭിക്കുന്നതാണ്. എന്നാൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പിനങ്ങളിലും സ്ഥാനങ്ങൾ കഴിഞ്ഞ് വരുന്ന എ.ബി.സി ഗ്രേഡിനെയും പോയിന്റിൽ പരിഗണിക്കും.

9. ജനറൽ, ഹിദായ, കുല്ലിയ, എന്നിവയിൽ ഓരോ വിഭാഗത്തിലും കൂടുതൽ പോയിന്റ് നേടുന്ന ടീമിനും പ്രത്യേക ട്രോഫികൾ നൽകുന്നതാണ്. I, II, III സ്ഥാനങ്ങൾ നേടുന്നവർക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകും. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന മത്സരാർത്ഥിയെ സർഗ്ഗ പ്രതിഭയായി കണക്കാക്കും. ഗ്രൂപ്പ് ഇനങ്ങളിലെ പ്രകടനം വ്യക്തിഗത ചാമ്പ്യൻഷിപ്പ് പരിഗണിക്കുന്നതല്ല. എന്നാൽ രണ്ടുപേർ തുല്യപോയിന്റിന് അർഹരായാൽ സമ്മാനാർഹങ്ങളായ ഗ്രൂപ്പിനങ്ങളിൽ അവർ പങ്കെടുത്തതിൽ I, II, III സ്ഥാനങ്ങൾക്ക് യഥാക്രമം 3, 2, 1 ക്രമത്തിൽ പോയിന്റുകൾ നിശ്ചയിച്ച് സർഗ പ്രതിഭയെ കണ്ടെത്താവുന്നതാണ്.

10. ഓരോ ടീമിനും ഓരോ ടീം മാനേജർ ഉണ്ടായിരിക്കേണ്ടതും മത്സരവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ടീമിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിനായിരിക്കുന്നതുമാണ്. ടീം മാനേജറുടെ സഹായത്തിന് ഓരോ വിഭാഗത്തിനും ഓരോ സഹായി ഉണ്ടാകാവുന്നതാണ്.

11. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. എന്നാൽ സർഗലയ മാന്വലിന് വിരുദ്ധമായിട്ടാണ് മത്സരം നടന്നത് എന്ന് ആക്ഷേപമുള്ളവർ താ

ഴെ പറയുന്ന അപ്പീൽ തുക സഹിതം മത്സരവിധി പ്രഖ്യാപിച്ച് 30 മിനിട്ടിനകം ജനറൽ കൺവീനർ വശം രേഖാമൂലം പരാതി നൽകണം. പരാതി ജനറൽ കൺവീനർ, സംഘടനാ പ്രസിഡന്റ്, സെക്രട്ടറി, സർഗലയ ചെയർമാൻ, കൺവീനർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റി കൂടിയാലോചന നടത്തി തീർപ്പ് കൽപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയുടെ വിധി അന്തിമമായിരിക്കും. അപ്പീൽ കമ്മറ്റിയെ വീണ്ടും ചോദ്യം ചെയ്യുന്ന പക്ഷം അവരുടെ മത്സരങ്ങൾ കാൻസൽ ചെയ്യുന്നതാണ്.

അപ്പീൽ പരിശോധിച്ച് അനുവദിച്ചാൽ തുക പരാതിക്കാരനു തിരികെ ലഭിക്കുന്നതും നിരസിച്ചാൽ സർഗലയം മത്സര ഫണ്ടിലേക്ക് നീക്കിവെക്കുന്നതുമാണ്.

അപ്പീൽ തുക യൂണിറ്റ് ക്ലസ്റ്റർ 500 രൂപ, മേഖല : 1000 രൂപ ജില്ല, സ്റ്റേറ്റ് : 2000.

12. മത്സരത്തിന്റെ സുതാര്യതക്ക് സംസ്ഥാന സർഗലയ സമിതി പുറത്തിറക്കിയ സർഗലയ മാന്വൽ സംഘടിപ്പിക്കുകയും അതിൽ പ്രതിപാദിക്കുന്ന രീതികൾ സ്വീകരിച്ച് മാത്രം മത്സരം നടത്തേണ്ടതാണ്.

13. സർഗലയം സംബന്ധമായ സംശയങ്ങൾ ദുരീകരിക്കുന്നതിനായി ജില്ലാ തലത്തിൽ മേഖലാ കൺവീനർമാർക്ക് പ്രത്യേക കോച്ചിംഗ് നൽകുക. സർഗലയം സംബന്ധമായ സംശയങ്ങൾക്ക് അതാത് ഘടകത്തിന്റെ കൺവീനർ മുഖേന മാത്രം മേൽ ഘടകത്തിലേക്ക് ബന്ധപ്പെടാവുന്നതാണ്.

**സർഗലയത്തിന്റെ പോസ്റ്റർ, സർട്ടിഫിക്കറ്റ്, എൻട്രിഫോം, സ്റ്റേജ് മോഡൽ എന്നിവ www.skssf.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.**

**സർഗലയം സംബന്ധമായ സംശയങ്ങൾക്ക് അതാത് ജില്ലാ സർഗലയ കൺവീനറെ മാത്രം വിളിക്കുക.**

## പ്രതിഭാ ക്ലബ്ബ് രൂപീകരണം

പ്രതിഭകളെ അവരുടെ സർഗശേഷി പരിപോഷിപ്പിച്ച് സമൂഹ നന്മക്ക് ഉപയോഗപ്പെടുത്തുന്നതിനും കലാകൈരളിയിൽ പ്രസ്താനത്തിന്റെ കയ്യൊപ്പ് ചാർത്തുന്നതിനും നമ്മുടെ സർഗ പ്രതിഭൾക്ക് അവസരങ്ങൾ തുറന്ന് കൊടുക്കേണ്ടത് ഈ കലുഷിത കാലത്ത് അനിവാര്യമായിരിക്കുന്നു.

അതിനായി മേഖല തലം മുതൽ മത്സരങ്ങൾ നിരീക്ഷിച്ചു പ്രതിഭകളെ കണ്ടെത്തുന്നതിനായി അഞ്ചംഗ സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതാണ്. (ചെറിയ അപാകതകൾ മത്സര ഫലത്തെ സ്വാധീനിക്കുന്നു എന്നതിനാൽ) ഇവർ കണ്ടെത്തിയ ആളുകളെ ഉൾപ്പെടുത്തി മേഖലാതലം മുതൽ പ്രതിഭാ ക്ലബ്ബ് രൂപീകരിക്കുകയും അവർക്ക് ആവിശ്യമായ പരിശീലനം നൽകുന്നതിനും മറ്റുമായി ഓരോ ഘടകങ്ങളിലും പ്രത്തേക സമിതി രൂപീകരിക്കേണ്ടതാണ്.

ഓരോ ക്ലബ്ബിന്റെയും കീഴിൽ വരുന്ന പ്രതിഭകളുടെ പൂർണ്ണവിലാസവും ഫോൺ നമ്പറും ക്ലബ്ബ് കൺവീനറുടെ കൈവശം ഉണ്ടായിരിക്കേണ്ടതും സർഗലയ ശേഷം ഇവരെ പങ്കെടുപ്പിച്ച് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്.

വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

# തയ്യാറെടുപ്പുകൾ

### സ്റ്റേജ് മാനേജർ

എല്ലാ വേദികളിലും ഒരു സ്റ്റേജ് മാനേജറുണ്ടാവും. സ്റ്റേജ് മാനേജറെ സഹായിക്കാൻ ഒരു ടൈം കീപ്പറും രണ്ട് വളണ്ടിയേഴ്സും വേണം. മത്സരത്തിന്റെ മുഴുവൻ വിജയവും സ്റ്റേജ് മാനേജറുടെ കൈകളിലാണ് എന്നതിൽ മത്സരം ഷെഡ്യൂളനുസരിച്ച് കൃത്യമായും വേഗതയിലും നടത്താൻ സ്റ്റേജ് മാനേജറുടെ ഊർജ്ജസ്വലത കൂടിയേ തീരൂ.

ഓരോ വേദിയിലേക്കും വേണ്ട സാധനസാമഗ്രികളുടെ സ്റ്റേജ് കിറ്റ് മുൻകൂട്ടി തയ്യാറാക്കി വെച്ചിട്ടുണ്ടാവും. സ്റ്റേജ് കിറ്റുകൾ പ്രോഗ്രാം ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റുകയും കൈപ്പറ്റിയതായി ഒപ്പ് വെച്ച് നൽകുകയും വേണം. സ്റ്റേജ് കിറ്റുകളിൽ വേദിയിലേക്കാവശ്യമായ എല്ലാ വസ്തുക്കളും ഉണ്ടെന്ന് മുൻകൂട്ടി ഉറപ്പ് വരുത്തുക.

### സ്റ്റേജ് കിറ്റുകളിൽ

ഐറ്റം വാർഷീറ്റുകൾ (ഓരോ ഇനത്തിലും പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ പേരുവിവരങ്ങളടങ്ങിയ ഷീറ്റ്) കാൾഷീറ്റ് (മത്സരം അവതരിപ്പിക്കാൻ ക്ഷണിക്കാനുള്ള ഷീറ്റ്), മൂന്ന് ജഡ്ജ്മെന്റ് ഷീറ്റുകൾ, ടാബുലേഷൻ ഷീറ്റ് (ജഡ്ജിന്റെ ഷീറ്റ്നോടൊപ്പം തന്നെ പിൻ ചെയ്യണം) ബെൽടൈമർ, സ്റ്റാപ്ലർ, ആവശ്യമായ ഷീറ്റ് പേപ്പറുകൾ, റബ്ബർ ബാന്റ്, പേനകൾ (4 എണ്ണം), വിഷയങ്ങൾ  ഭദ്രമായി അടക്കം ചെയ്ത കവറുകൾ, ടൈം ഷെഡ്യൂൾ, പശക്കുപ്പി, ചോക്ക്, ടൈം ഷെഡ്യൂൾ രേഖപ്പെടുത്തിയ വലിയ ഡിസ്പ്ലേ ഷീറ്റ്, ലോട്ട് നമ്പറുകൾ, നറുക്കുകൾ, പിൻസ്, സ്റ്റേജ് കിറ്റിലെ വസ്തുക്കളുടെ ലിസ്റ്റ്, നറുക്കെടുക്കാനുള്ള കപ്പ് വരെ....

### വളണ്ടിയർ

ഭക്ഷണം, പൊതു അച്ചടക്കം എന്നിവ ശ്രദ്ധിക്കാൻ... അംഗ വളണ്ടിയർ വിഭാഗം വേണം, ബേഡ്ജ്, ക്യാപ്റ്റൻ (വേദികളിലും ചുമതല നൽകണം.

### സ്വീകരണം

നേതാക്കളെ സ്വീകരിക്കുക - തിരിച്ചയക്കുക - മത്സരാർത്ഥികൾക്ക് പരമാവധി സൗകര്യങ്ങൾ ചെയ്ത് കൊടുക്കുക. കവാടത്തിൽ ഇൻഫർമേഷൻ പോയിന്റ്  - സൈറ്റ് പ്ലാൻ, ബസ്, ട്രെയിൻ സമയ വിവര പട്ടിക എന്നിവ സ്ഥാപിക്കുക. റെയിൽവെ, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ആളുകളെ സ്വീകരിക്കുക.

### ബാനർ

ഓരോ ഓപ്പൺ വേദിയിലും ബാനർ, വേദിയുടെ പേര് കാണിക്കുന്ന ബാനർ, പ്രസിദ്ധീകരണ, ചിത്ര പ്രദർശന ബാനർ, മൂത്രപ്പുര, കുടിവെള്ളം, വിശ്രമ റൂം, പള്ളി - എന്നീ സൂചന ബോർഡുകൾ

### പ്രചാരണം

കളർ പോസ്റ്റർ (സംസ്ഥാന കമ്മിറ്റി തയ്യാറാക്കുന്ന ഡിസൈനിൽ മാത്രം) നോട്ടീസ്, ബാനർ, പത്രവാർത്തകൾ, ചുവരെഴുത്ത്, കലാജാഥ, വിളംബര ജാഥ, ഫോട്ടോഗ്രാഫർ, എസ്.എം.എസ്, ഫെയ്സ് ബുക്ക് പ്രചാരണം

തുടങ്ങിയവ ശ്രദ്ധിക്കുക.

സർട്ടിഫിക്കറ്റ് / ട്രോഫീസ് / ഷീൽഡുകൾ / സമ്മാനങ്ങൾ മെരിറ്റ് സർട്ടിഫിക്കറ്റ്, പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ്, (ജില്ലാ സംസ്ഥാന മത്സരങ്ങൾക്ക്)

**അക്കമഡേഷൻ**

മത്സരാർത്ഥികളുടെ ലഗേജുകൾ സൂക്ഷിക്കാൻ ഒരു ക്ലോക്ക് റൂം ഒരുക്കേണ്ടതാണ്. ചാർജ് വളണ്ടിയർ, കാർഡ് സിസ്റ്റം. നേരത്തെ എത്തുന്നവർക്ക് താമസ സൗകര്യം, പ്രഭാത കർമ്മങ്ങൾ നിർവഹിക്കാൻ സൗകര്യം. ഓരോ ടീമിനും പ്രത്യേക വിശ്രമ റൂം വേണം, ടീമുകൾക്ക് പേര് എഴുതി പ്രദർശിപ്പിക്കണം.

## സ്റ്റേജ് മാനേജരും സഹായിയും ചെയ്യേണ്ടത്.

1. വേദിയിൽ ആവശ്യമായ ഫർണിച്ചർ (ഡെസ്ക്, മേശ, കസേര, ബെഞ്ച്, ബോർഡ്, മൈക്ക് സെറ്റ്) എന്നിവ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
2. മത്സരം ആരംഭിക്കുന്നതിന്റെ 15 മിനുട്ട് മുമ്പ് മത്സരം ആരംഭിക്കുന്ന വിവരം അനൗൺസ് ചെയ്യുകയും പങ്കെടുക്കുന്ന ചെസ്റ്റ് നമ്പർ അറിയിക്കുകയും ചെയ്യുക.
3. എത്തിയ മത്സരാർത്ഥികളുടെ ചെസ്റ്റ് കാർഡുകൾ (രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയ കാർഡ്) വാങ്ങി വെക്കുകയും ഐറ്റം ഷീറ്റിൽ ഹാജർ ടിക്ക് ചെയ്യുകയും ചെയ്യുക.
4. മത്സരം തുടങ്ങേണ്ട യഥാർത്ഥ സമയത്തിന്റെ 10 മിനുട്ട് മുമ്പ് ആദ്യം എത്തിയ (ഒരു ഗ്രൂപ്പ്) കുട്ടികൾക്ക് കപ്പിൽ നിന്ന് നറുക്കെടുക്കുന്ന രീതിയിൽ ലോട്ട് നമ്പറുകൾ എടുക്കുക. എത്തിയ കുട്ടികളുടെ എണ്ണമനുസരിച്ച് മാത്രം ക്രമത്തിൽ ലോട്ട് നമ്പറുകൾ നിക്ഷേപിച്ച് കൊണ്ടാണ് നറുക്കെടുക്കേണ്ടത്. ഏതെങ്കിലും മത്സരാർത്ഥി എത്തിയില്ലെങ്കിൽ അവരുടെ നറുക്ക് മാറ്റിവെച്ച് പിന്നീട് എടുക്കുക.
5. നറുക്കെടുത്ത കുട്ടികളുടെ നറുക്ക് നമ്പറുകൾ യഥാസമയം തന്നെ ഐറ്റം ഷീറ്റിൽ രേഖപ്പെടുത്തുക. നമ്പർ മാറിയാൽ ഫലം തെറ്റുമെന്നതിനാൽ അതീവ ശ്രദ്ധ ഇവിടെ ആവശ്യമാണ്.
6. നമ്പർ ചേർക്കുമ്പോൾ തന്നെ അതിനനുസരിച്ചുള്ള ചാൻസ് നമ്പറുകൾ (വലുത്, മാല രൂപത്തിൽ) മത്സരാർത്ഥിയെ ധരിപ്പിക്കുക. (നോൺ സ്റ്റേജ് ഇനങ്ങൾക്ക് ചാൻസ് നമ്പർ എടുക്കേണ്ടതില്ല.)
7. അഞ്ച് പേരടങ്ങുന്ന ആദ്യ ഗ്രൂപ്പിനെ വേദിയിൽ കയറ്റി ഇരുത്തുക. (പ്രസംഗ - നോൺ സ്റ്റോപ്പ് ഇനങ്ങൾക്ക് ബാധകമല്ല.)
8. ജഡ്ജസിനെ ഉറപ്പ് വരുത്തുകയും വളണ്ടിയർമാർ മുഖേന അവർക്കുള്ള മാർക്ക് ഷീറ്റുകൾ വിതരണം ചെയ്യുകയും ചെയ്യുക.
9. മത്സരം തുടങ്ങുന്ന വിവരം വീണ്ടും അനൗൺസ് ചെയ്യുക.
10. ചാൻസ് നമ്പറുകൾ ഒന്നിനുശേഷം ഒന്നായി കാൾ ഷീറ്റ് നോക്കി വിളിക്കുക. വിളിച്ചത്, അവതരിപ്പിച്ചത് എന്നിവ അറിയാൻ അടയാളം രേഖപ്പെടുത്തുക.
11. അനുവദിച്ചിട്ടുള്ള സമയം വാച്ച് / സ്റ്റോപ്പ് വാച്ച് / ടൈമർ ഉപയോഗിച്ച്

ഉറപ്പുവരുത്തുക. അനുവദിച്ച സമയവും  കഴിഞ്ഞ് തുടരുന്ന പരിപാടി കൾക്കു മാത്രം ബെൽ അടിക്കുക.

12. പരിപാടി അവതരിപ്പിച്ച കുട്ടികളുടെ ചാൻസ് നമ്പർ തിരികെ വാങ്ങി ക്രമത്തിൽ വെക്കാൻ രണ്ടു വളണ്ടിയേഴ്സിനെ ചുമതലപ്പെടുത്തുക.

13. പരിപാടികൾക്കിടയിൽ റിപ്പോർട്ട് ചെയ്യുന്നവർക്ക് നറുക്ക് എടുപ്പിച്ച് ചാൻസ് നമ്പർ (മാല) നൽകുക.

### ക്ലാഷുകൾ വന്നാൽ

ഒരു മത്സരാർത്ഥിക്കു ഒരേ സമയം രണ്ടു മത്സരം വന്നാൽ ഏറ്റവും കുറഞ്ഞ സമയം കൊണ്ട് തീരുന്ന പരിപാടിയിൽ ആദ്യം പങ്കെടുപ്പി ക്കാൻ സ്റ്റേജ് മാനേജർ നിർദ്ദേശം കൊടുക്കണം.

സ്റ്റേജ് ഇനങ്ങളും നോൺസ്റ്റേജ് ഇനങ്ങളും തമ്മിൽ ക്ലാഷ് വരു മ്പോൾ സ്റ്റേജ് ഇനങ്ങൾക്ക് മുൻഗണന നൽകണം. അത്തരം കുട്ടി കൾക്ക് ആദ്യ ഗ്രൂപ്പിൽ തന്നെലോട്ട് എടുക്കാൻ അവസരം നൽകു കയും വേണം. എഴുത്തു മത്സരങ്ങളാണെങ്കിൽ ആ കുട്ടികൾക്ക് പ്ര ത്യേക സമയം അനുവദിച്ച്  നൽകണം. സ്റ്റേജ് മത്സരങ്ങളിൽ ഇത്തരം കുട്ടികൾക്ക് പങ്കെടുക്കാൻ സാഹചര്യം ലഭിച്ചതിന് ശേഷമെ അടുത്ത മത്സരം തുടങ്ങാവൂ.

## പ്രത്യേക ശ്രദ്ധക്ക്

ഐറ്റംവാർഷീറ്റിലുള്ള ഒരു നമ്പർ ക്യാൻസൽ എന്നു പ്രഖ്യാപി ക്കുന്നതിനു മുമ്പ് ആ വിവരം എല്ലാ വേദികളിലും നൽകേണ്ടതാണ്. ഇ തിന് കൺട്രോൾ റൂമിലേക്ക് അറിയിപ്പ് നൽകിയാൽ മതി. സർഗലയ ത്തിന് റിപ്പോർട്ട് ചെയ്ത് ഒരു കുട്ടിക്കും പരിപാടി അവതരിപ്പിക്കാൻ സാധിക്കാത്ത അവസരം ഒരിക്കലും ഉണ്ടാവരുത്.

മത്സരാർത്ഥികൾക്കു ബന്ധപ്പെടേണ്ട സൗകര്യം പരിഗണിച്ച് ടീം മാനേജർമാരുടെ പേരും ഫോൺ നമ്പറും കൺട്രോൾ റൂമിന്റെ പരി സരത്തു പ്രദർശിപ്പിക്കേണ്ടതാണ്.

### സമനിഷ്ഠ

- ഷെഡ്യൂളിൽ കാണിച്ച സമയത്ത് തന്നെ കൃത്യമായി പരിപാടികൾ ന ടക്കേണ്ടതിനാൽ ഒരു മത്സരം തീരാൻ 15 മിനുട്ട് ബാക്കിയുള്ളപ്പോൾ, ശേഷമുള്ള മത്സരത്തിന് ഒന്നുമുതൽ അഞ്ചു വരെയുള്ള കാര്യങ്ങൾ ചെയ്യണം.
- ഒരു നമ്പർ കഴിഞ്ഞ് അടുത്ത നമ്പർ വരുന്നതിനുള്ള സമയനഷ്ടം ഒഴി വാക്കാൻ ചുരുങ്ങിയത് അഞ്ച് മത്സരാർത്ഥികളെയെങ്കിലും സ്റ്റേജിൽ ഒരുക്കിയിരുത്തുക. (നോൺ സ്റ്റേജ് ഇനങ്ങൾക്ക് ഇത് ബാധകമല്ല.)
- വളണ്ടിയേഴ്സ് എപ്പോഴും സജ്ജമായി എല്ലാ വേദിക്കരികിലും ഉണ്ടായി രിക്കണം.
- ഭക്ഷണത്തിന് പ്രത്യേക ബ്രേക്ക് നൽകരുത്. ഓരോ വേദിയിലേയും പരിപാടി കഴിയുമ്പോൾ ഭക്ഷണം കഴിക്കുവാനും ജഡ്ജസിനെ കഴി പ്പിക്കാനും സംവിധാനം ഉണ്ടാകണം.

- സമയനിഷ്ഠ പാലിക്കാൻ, ഭക്ഷണം പായ്ക്കറ്റ് ചെയ്ത് നൽകുന്ന സം വിധാനത്തിനു മാത്രമേ സാധിക്കൂ. മറ്റു രീതികൾ ഏറെ സമയ നഷ്ട ത്തിനു കാരണമാകും.

**അനൗൺസ് ചെയ്യുമ്പോൾ**

- സർഗലയത്തിന്റെ അന്തസ്സും യശസ്സും ഉയർത്തിപ്പിടിക്കുന്ന വിധ ത്തിൽ ശുദ്ധമായ ഭാഷയിൽ തെളിമയോടെ സ്വരമാധുര്യത്തോടെ നന്നായി അനൗൺസ് ചെയ്യണം.
- കൺട്രോൾ റൂമിൽ നിന്നുള്ള അറിയിപ്പുകൾ, മത്സരത്തിനു ഭംഗം വ രാത്ത രീതിയിൽ എത്രയും പെട്ടെന്നു അനൗൺസ് ചെയ്ത് ഒപ്പ് വെച്ച് അടുത്ത വേദിയിലേക്ക് കൊടുത്തു വിടണം.
- കൺട്രോൾ റൂമിൽ നിന്നുള്ള അറിയിപ്പുകളും അതാതു വേദിയിലെ മ ത്സരങ്ങളും അല്ലാത്ത മറ്റൊന്നും വേദിയിൽ അനൗൺസ് ചെയ്യേണ്ട തില്ല.

**പ്രസംഗ വേദി (വിഷയം നൽകുന്ന വേദി)**

- നറുക്കെടുത്ത് ലോട്ട് നമ്പർ അടയാളപ്പെടുത്തുക.
- മത്സരം ആരംഭിക്കുന്നതിനു 10 മിനുട്ട് മുമ്പ് മുതൽ ആദ്യത്തെ മത്സരാർ ത്ഥിക്കു വിഷയം നൽകുക. (സ്ലിപ്പിൽ എഴുതി നൽകുക)
- തുടർന്നു 5 മിനുട്ട് ഇടവിട്ട് ലോട്ട് ക്രമത്തിൽ വിഷയം നൽകുക.
- പ്രസംഗ വേദിയിലേക്കുള്ള ജഡ്ജ്മെന്റ് കവറുകളും ലോട്ട് നമ്പറുകളും വിഷയകവറുകളും വിഷയം നൽകുന്ന വേദിയിലേക്ക് നൽകേണ്ടതാ ണ്. എന്നാൽ പ്രസംഗം നൽകുന്ന വേദിയിൽ കാൾ ലിസ്റ്റിന്റെ മറ്റൊരു കോപ്പി കൂടി ഉണ്ടായിരിക്കേണ്ടതാണ്.
- വിഷയത്തിന്റെ രഹസ്യസ്വഭാവം നിലനിർത്തുന്നതിന് വേദിയിലെ പ്ര സംഗങ്ങൾ, വിഷയം കാത്തിരിക്കുന്നവർ കേൾക്കുന്നില്ലെന്ന് ഉറപ്പ് വരു ത്തുകയും പ്രസംഗ വിഷയം നൽകിയാൽ ആരെയും പുറത്തുപോ കാൻ അനുവദിക്കാതിരിക്കേണ്ടതുമാണ്.
- വിവിധയിനം പ്രസംഗങ്ങൾ നടക്കേണ്ടതിനാൽ ഒരേ സമയം രണ്ടോ മൂന്നോ പ്രസംഗങ്ങൾക്ക് വിഷയം നൽകാനുള്ള സ്ഥലസൗകര്യം വിഷ യവേദിക്ക് ഉണ്ടായിരിക്കേണ്ടതാണ്.
- വിഷയം പഠിക്കാൻ അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞാൽ പ്രസംഗവേ ദിയിൽ നിന്നുള്ള അറിയിപ്പ് അനുസരിച്ച് വളണ്ടിയറുടെ കൂടെ മത്സ രാർത്ഥിയെ വേദിയിലേക്കയക്കണം. ആവശ്യമായ വളണ്ടിയേഴ്സ് പ്രസംഗ -വിഷയ വേദികളിൽ സദാ ഉണ്ടായിരിക്കണം.
- നൽകിയ വിഷയം അതാതു വേദിയിലെ സ്റ്റേറ്റ് മാനേജറെയും ജഡ്ജസി നെയും അറിയിക്കണം.

**മത്സരം തീർന്നാൽ**

- ജഡ്ജസിന് നൽകപ്പെട്ട മാർക്ക് ഷീറ്റിനൊപ്പമുള്ള ടാബുലേഷൻ ഷീ റ്റിൽ മൂന്ന് പേരുടെയും മാർക്കുകൾ ചേർത്തിടുക. ഗ്രേഡും സ്ഥാനവും നിർണ്ണയിച്ച് ജഡ്ജ് തന്നെ ഒപ്പ് വെച്ച് നൽകുക.
- ജഡ്ജസിനെ പരിചയപ്പെടുത്തുന്ന ഒരു കുറിപ്പ് ജഡ്ജസിൽ നിന്നും നേരത്തെ എഴുതി വാങ്ങിക്കുക.

- തൊട്ടടുത്ത മത്സരത്തിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുക.
- ഫലം ആയാൽ മൂന്ന് പേരെയും പരിചയപ്പെടുത്തി അവർ തീരുമാനിച്ച യാൾ ഫലം പ്രഖ്യാപിക്കുന്നു.
- സ്കോർഷീറ്റ്, ടാബുലേഷൻ ഷീറ്റ് തുടങ്ങിയവ അതേ കവറിൽ തന്നെ അടക്കം ചെയ്ത് ഒപ്പ് വെച്ച് സുരക്ഷിതമായി ഓഫീസിൽ വളണ്ടിയർ മുഖേന എത്തിക്കുക.
- ജഡ്ജസിനുള്ള വെള്ളം, ചായയ തുടങ്ങിയവ എത്തിക്കാൻ വളണ്ടിയേഴ് സിന്റെ സഹായത്തോടെ സംവിധാനമുണ്ടാക്കണം.
- അടുത്ത പരിപാടിക്കുള്ള കവർ തുറന്ന് ജഡ്ജസിനെ ഉറപ്പ് വരുത്തി വി തരണം ചെയ്യുക.
- എല്ലാം ഉറപ്പ് വരുത്തിയാൽ മത്സരം കൃത്യസമയത്ത് തന്നെ ആരംഭി ക്കുക.
- മുഴുവൻ മത്സരങ്ങളും തീർന്നാൽ ക്യാരിബാഗിൽ വേദിയിലേക്കനുവദി ച്ച മുഴുവൻ സാമഗ്രികളും ലിസ്റ്റ് പ്രകാരം ഉറപ്പു വരുത്തി ഓഫീസിൽ തി രിച്ചേൽപിച്ച് ഒപ്പിടണം.
- സമയനിഷ്ഠയോടെയും കൃത്യതയോടെയും മത്സരങ്ങൾ തീർക്കാൻ ജാഗ്രത കാണിക്കുക.

എൻട്രി ഫോം പൂരിപ്പിക്കുമ്പോൾ

- പങ്കെടുക്കുന്ന ഓരോ മത്സരാർത്ഥിയുടെ പേരും ഇനീഷ്യലും വ്യക്തമാ യി ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതുക.
- ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികളുടെയും പേ രുകൾ എഴുതണം.
- ഓരോ മത്സരാർത്ഥിയുടെ പേരിന് നേരെയും പങ്കെടുക്കുന്ന ഇ നത്തിന്റെ കോളത്തിൽ അടയാളപ്പെടുത്തുക. ഒരാൾ ഒന്നിൽ കൂടു തൽ ഇനത്തിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ അതാതു കോളത്തിൽ അട യാളപ്പെടുത്തിയാ ൽ മതി. പേര് ഒന്നിൽ കൂടുതൽ തവണ എഴുതരുത്.
- ഗ്രൂപ്പ് ഇനങ്ങളിൽ മത്സരിക്കുമ്പോൾ ഗ്രൂപ്പ് ഇനങ്ങൾക്കുള്ള ഫോമിൽ വീണ്ടും പേരെഴുതി അതാതു ഇനങ്ങൾക്കുള്ള നേരെ അടയാളപ്പെടു ത്തുകയും റീമാർക്സ് കോളത്തിൽ അവർ മത്സരിക്കുന്ന മറ്റ് ഇനങ്ങളു ടെ നമ്പറുകൾ രേഖപ്പെടുത്തേണ്ടതുമാണ്.

പ്രോഗ്രാം

- പ്രോഗ്രാം ഉദ്ഘാടന ചടങ്ങ്, സമാപനചടങ്ങ്, സാംസ്ക്കാരിക ഘോഷ യാത്ര, കലാജാഥ, വിളംബരജാഥ (ബാനർ, ദഫ്സംഘം, സ്കൗട്ട് വിങ്).

ഒഫീഷ്യൽസ്

- പരിചിതരും എഴുത്തുകുത്തുകൾ അറിയുന്നവരുമായ ടീം ടാബു ലേഷൻ വർക്ക്, സ്കോർബോർഡിൽ പോയിന്റ് രേഖപ്പെടുത്തൽ, സർട്ടിഫിക്കറ്റ് എഴുതൽ, റിസൾട്ട് രേഖപ്പെടുത്തൽ.
- പേപ്പർ വർക്കുകൾ നേരത്തെ പൂർത്തിയാക്കുക, ഒഫീഷ്യൽസിനു പരിശീലനം നൽകുക.

പേപ്പർസ്

- എൻട്രി ഫോം, സ്കോർഷീറ്റ്, ടാബുലേഷൻ ഷീറ്റ്, ഐറ്റംവാർഷീറ്റ്,

സ്കോർ ബോർഡ് (ഫ്ളക്സ്), സ്കോർബോർഡ് (മിനിയേച്ചർ), റിസൽറ്റ് ഷീറ്റ് (വേദിയിലേക്ക് അയക്കാൻ) റിസൾട്ട് ബുക്ക്, കോഡ് നമ്പർ.

**ജഡ്ജസ്**

- പ്രാപ്തരാവണം.ഓരോ ഇനത്തിലും പറ്റിയവർ ഒരുമിച്ചിരുന്നു വിധി നിർണ്ണയം.
- ഫയൽ കടലാസ്, മാന്വൽ, പേന, പ്രോഗ്രാം നോട്ടീസ്, ടൈം ഷെഡ്യൂൾ ഓരോ ഇനത്തിലുള്ള സ്കോർഷീറ്റിന്റെയും കൂടെ അതാത് ഇനങ്ങളെസംബന്ധിച്ച് പൂർണ്ണമായ വിവരണം മൂല്യ നിർണ്ണയ ഉപാധി, സമയം എന്നിവ പ്രിന്റ് ചെയ്ത് പ്രത്യേകം പിൻ ചെയ്യേണ്ടതാണ്.
- പ്രത്യേക വിശ്രമ റൂം, ആവശ്യമെങ്കിൽ താമസം, വളണ്ടിയേഴ്സിനെ ചുമതലപ്പെടുത്തണം.

**ബേഡ്ജുകൾ**

- എസ്കോർട്ട് (ടീം മാനേജർക്ക്), ഒഫീഷ്യൽ (കൺട്രോളൻമാർ), സ്വാഗതസംഘം, എക്സിക്യൂട്ടീവ് വളണ്ടിയർ.

**ഐഡന്റിറ്റി കാർഡ്**

- മത്സരാർത്ഥിയുടെ പേര്, യൂണിറ്റ് / ക്ലസ്റ്റർ /മേഖല / ജില്ല രജിസ്റ്റർ നമ്പർ, മത്സരിക്കുന്ന ഇനങ്ങൾ, മൊബൈൽ നമ്പർ, ടീം മാനേജർ, കൺവീനർ ഒപ്പ്.

**ടീം മാനേജർ കിറ്റ്**

എൻട്രി ഫോം കോപ്പി, നിർദ്ദേശങ്ങൾ, മത്സരഷെഡ്യൂൾ, വേദി, ഭക്ഷണക്കൂപ്പൺ, മത്സരാർത്ഥികളുടെ ഐഡന്റിറ്റി കാർഡ്, എസ്കോർട്ട് ബേഡ്ജ്, പിൻസ് ആവശ്യമായ റഫ് പേപ്പറുകൾ.

**രചനാ മത്സരങ്ങൾ**

- ഏതെല്ലാം ഇനങ്ങൾക്കാണ് പേപ്പറുകൾ ആവശ്യമായി വരുന്നത് എന്ന് പരിശോധിച്ച് മത്സര എൻട്രികളുടെ കണക്കനുസരിച്ച് ആവശ്യമായ വലുപ്പത്തിൽ മുറിച്ച് പിൻചെയ്ത് ക്രമത്തിൽ നേരത്തെതന്നെ സീൽ ചെയ്ത് വെക്കുകയും അതാതു വേദിക്കിറ്റുകളിൽ അടക്കം ചെയ്യുകയും വേണം.

## സ്കോർ ബോർഡിൽ പോയിന്റ് കണക്കാക്കേണ്ട വിധം

| വ്യക്തിഗത ഇനങ്ങൾ | | ഗ്രൂപ്പ് ഇനങ്ങൾ | |
|---|---|---|---|
| A grade I | 5+5 =10 | A grade I | 10+5 = 15 |
| B grade I | 3+5 = 8 | B grade I | 8+5 = 13 |
| C grade I | 1+5 = 6 | C grade I | 6+5 = 11 |
| A grade II | 5+3 = 8 | A grade II | 10+3 = 13 |
| B grade II | 3+3 = 6 | B grade II | 8+3 = 11 |
| C grade II | 1+3 = 4 | C grade II | 6+3 = 9 |
| A grade III | 5+1 = 6 | A grade III | 10+1 = 11 |
| B grade III | 3+1 = 4 | B grade III | 8+ 1= 9 |
| C grade III | 1+1 = 2 | C grade III | 6+1 = 7 |